# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങി കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ചപോലെ ലഭിക്കണമെന്നില്ല. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. കുട്ടികൾക്ക് പ്രക്രിയബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് നൽകുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുലക്ഷ്യങ്ങൾ

* സ്കൂളിലെത്തുന്ന ഓരോ വിദ്യാർത്ഥിയും അതതു ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
* സ്കൂൾ ജനാധിപത്യം സംരക്ഷിക്കുക.
* സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന സാഹചര്യം സ്കൂളിൽ സൃഷ്ടിക്കുക.
* മതപരമായ, ലിംഗപരമായ വിവേചനമില്ലാത്ത വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
* സാമൂഹ്യതിന്മകളെ തിരിച്ചറിയുന്നതിനും, അതിനെതിരെ പ്രതികരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.
* മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ അനായാസം ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കുക.
* കുട്ടികളുടെ സർഗാത്മകവും കായികപരവുമായ കഴിവുകൾ കണ്ടെത്തുകയും അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
* ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം പരിസരം സൃഷ്ടിക്കുക.
* പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം
* പച്ചക്കറിത്തോട്ട നിർമ്മാണം
* പ്രകൃതിയും മനുഷ്യനും പരസ്പര പൂരകങ്ങൾ. അങ്ങനെന്ന ധാരണ കുട്ടികളിൽ എത്തിക്കുക.

# മേഖല - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സൂചകം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>എസ്. ആർ. ജി. യോഗം.<br>പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തൽ | SRG കൺവീനർ | ജൂൺ | |
| ഉപലക്ഷ്യങ്ങൾ | വായിച്ചു വളരാം. | | | |
| മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കുക. | ക്ലാസ് ലൈബ്രറി: ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ അടങ്ങുന്ന ലൈബ്രറി ക്രമീകരിക്കുക. | ക്ലാസ് അധ്യാപകർ | വർഷം | |
| വായനയിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തുക. | വായിച്ച കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.<br>ലൈബ്രറി പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ | | | |
| അമ്മ വായന | സ്കൂൾ ലൈബ്രറിയിൽ നിന്നും കുട്ടികളുടെ കൈവശം കൊടുത്തു വിടുന്ന പുസ്തകങ്ങൾ അമ്മമാർ വായിക്കുകയും കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. CPTയിൽ അവതരണം. | | | |
| സാമഗ്രി വികസനം | ദിനാചരണവുമായി ബന്ധപ്പെട്ട സാമഗ്രികൾ വായനക്കായി നൽകുക. ദിനാചരണവുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കൽ. | SRG കൺവീനർ | വർഷം | |

| | | | | |
|---|---|---|---|---|
| വായനയിൽ നിന്ന് രചനയിലേക്ക് നയിക്കുക | <u>രചനോത്സവം</u><br>കുട്ടികൾ ചിത്രങ്ങളുടെ സഹായത്താൽ അക്ഷരങ്ങൾ ചിഹ്നങ്ങൾ, ഇവ ഉറപ്പിക്കുക. അക്ഷരകാർഡ് ഉപയോഗിച്ച് പദങ്ങൾ രൂപീകരിക്കുക. വാക്യ രൂപീകരണം.<br>കൈയെഴുത്തു മാസിക രൂപീകരണം.<br>വിദ്യാരംഗം കലാസാഹിത്യ വേദിയിൽ വിവിധ വ്യവഹാര രൂപങ്ങളുടെ എഴുത്തും അവതരണത്തിനുമുള്ള അവസരം നൽകുക.<br>സർഗവേളയിൽ കഥ, കവിത, എന്നിവയുടെ അവതരണം. | | | |

# മേഖല - ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം കുട്ടികളിൽ അഭിരുചി വളർത്തുന്നു. | ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ഗണിത ക്ലബ്ബിൽ കുട്ടികളുമായി പങ്കുവയ്ക്കുക പതിപ്പ് തയാറാക്കുക. | | | |
| ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രിന്റഡ് വർക്ക് ഷീറ്റുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നൽകുക. | ക്ലാസ് അധ്യാപകർ. | | |
| ഗണിതാസ്വാദനം | ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം. ക്വിസ് മത്സരങ്ങൾ, പസിലുകൾ, കുസൃതി കണക്കുകൾ, ഗണിതകേളികൾ ഇവയ്ക്ക് അവസരം നൽകുന്നു. | | | |
| ഗണിതക്ലബ്ബ് | മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക. പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുക. ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ പാറ്റേണുകൾ. ആഴ്ചയിൽ ഒരു ദിവസം ഗണിതക്വിസ് നടത്താൻ തീരുമാനിച്ചു. എല്ലാ ഉത്തരങ്ങളും ശരിയാക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുക. | | | |

| | | | | |
|---|---|---|---|---|
| സാമൂഹബോധം അടിസ്ഥാനക്രിയ ശേഷികൾ ഉണ്ടെന്ന് ഉറപ്പാക്കുന്നു. | സംഖ്യാബോധം ഉറപ്പുവരാൻ വേണ്ടി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റുകൾ.<br>ക്ലാസ്സ് പ്രവർത്തനത്തിന്റെ ഭാഗമായി സങ്കലന, ഗണിത പട്ടികൾ രൂപീകരിച്ച് ഗണിത ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നൽകുക. | | | |
| ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക. | വീടുകളിലെ വരവ്, ചെലവ്, കണക്കുകൾ, കുട്ടികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന്റെ ലിസ്റ്റ് സൂക്ഷിക്കുക. | | | |
| ക്ലാസ് മുറിക്ക് പുറത്തുള്ള ഗണിതപഠനം | പൂന്തോട്ടം, സ്കൂൾ, കൃഷി ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾക്കുള്ള അവസരം | | | |
| ICT ഉപയോഗം ഗണിത പഠനത്തിൽ. | ഗണിതപഠനവുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ online ക്ലാസ് എന്നിവയുടെ ഉപയോഗം. | | | |
| ഭിന്നശേഷി വിഭാഗത്തിന് അവസരം നൽകുക. | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | | | |

മേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുവാൻ കുട്ടികളെയും പ്രാപ്തരാക്കുന്ന | **അസംബ്ലി** | രാവിലെ | | |
| ഉദ്ദേശ്യങ്ങൾ | ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | | | |
| ഇംഗ്ലീഷിൽ അറിയിപ്പുകൾക്ക് അവസരം | കുട്ടികൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. [illegible] ഉൾപ്പെടുത്തുന്നു<br>മറ്റെന്തെങ്കിലും : ഇംഗ്ലീഷ് അസംബ്ലിയിൽ ഓരോ കുട്ടിക്കും തന്നെപ്പറ്റി പറയുവാൻ അവസരം നൽകുന്നു. | | | |
| | **വിദ്യാരംഗം കലാസാഹിത്യവേദി**<br>മാസത്തിൽ ഒരു ദിവസം (അവസാന ആഴ്ച) ഇംഗ്ലീഷ് വ്യാകരണ ഭാഗത്തിന് അവസരം നൽകുന്നു. | [illegible] | | |
| ഉദ്ദേശ്യങ്ങൾ | **ക്ലാസ് ലൈബ്രറി** | | | |
| സ്വതന്ത്ര വായനക്ക് അവസരം നൽകുന്നു | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ, ബാല പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തുന്നു | | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|---|
| | ഉച്ചാരണവുമായി ബന്ധപ്പെട്ട് പദകാർഡുകൾ, വാക്യകാർഡുകൾ ഇവ വായനയ്ക്കായി നൽകുന്ന ഗെയിംസ്, പസിലുകൾ ഇവയ്ക്ക് അവയുടെ സാധ്യതകൾ കണ്ടെത്തി അവസരം നൽകുക, റീഡേഴ്സ് തീയേറ്റർ സംഘടിപ്പിക്കുക, New Paper വായനയ്ക്ക് അവസരം നൽകുക.<br>പദകാർഡുകൾ, വാക്യകാർഡുകൾ എന്നിവ വികസിപ്പിക്കുക, വായനാകാർഡുകൾ വികസിപ്പിക്കുക.<br>**വേർഡ് വെബ്**<br>ഒരു വിഷയവുമായി ബന്ധപ്പെട്ട് വേർഡ് വെബ് തയ്യാറാക്കി വിവരണം തയ്യാറാക്കുന്നതിന് സജ്ജരാക്കുന്നു.<br>**ഇംഗ്ലീഷ് രചന**<br>വിദ്യാരംഗം കലാസാഹിത്യവേദിയിൽ ഇംഗ്ലീഷ് രചനയ്ക്കുള്ള അവസരം ഒരുക്കുക.<br>**കഥാരചന**<br>ചിത്രങ്ങൾ നൽകി കഥാരചനയ്ക്കുള്ള അവസരം നൽകുക.<br>ലൈബ്രറി പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുക.<br>ഡയറി എഴുതുക. | വിദ്യാരംഗം കൺവീനർ. | 1 വർഷം | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | ബഡ്ജറ്റ് | സാമ്പത്തികം. |
|---|---|---|---|---|
| സാഹിത്യ വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് അവസരം നൽകുന്നു. | ഇംഗ്ലീഷ് റൈംസ്, കഥകൾ, ഇവ കാണാനും കേൾക്കാനുമുള്ള അവസരം നൽകുന്നു. | | | |
| ഭിന്നശേഷി വികാസത്തിന് അവസരം നൽകുന്നു. | ഭിന്നശേഷിക്കാർക്കായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ ഉൾപ്പെടുത്തുന്നു. B.R.C , IED ടീച്ചറിന്റെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ ഒരുക്കുന്നു. | | | |
| സ്വതന്ത്രമായ ഇംഗ്ലീഷ് അവതരണം | ഇംഗ്ലീഷ് ഫെസ്റ്റ് — വിവിധ പ്രവർത്തനങ്ങളുടെ അവതരണത്തിന് അവസരം നൽകുന്നു. | | | |

## മേഖല - പരിസ്ഥിതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സൂചകങ്ങൾ |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രീയ- വിജ്ഞാനം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക. | ദിനാചരണങ്ങളിൽ ശാസ്ത്ര- ജ്ഞന്മാരുടെ ജന്മദിനം ഉൾപ്പെടുത്തുക. അവരുടെ സംഭാവനകൾ ക്ലാസ്സ് അസംബ്ലിയിൽ അവതരിപ്പിക്കുക. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങളിൽ പങ്കാളികളാകുന്നതിന് അവസരം നൽകുക. പരീക്ഷണങ്ങളിൽ സാമഗ്രികൾ കുട്ടികൾക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നതിന് അവസരം നൽകുക. | S.R.G കൺവീനർ. | വർഷം | |
| പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകുക. | ജൈവവൈവിധ്യ ഉദ്യാന പ്രവർത്തനങ്ങളിൽ കുട്ടികളെ ഉൾപ്പെടുത്തുക. പരിസര ശുചീകരണ പ്രവർത്തനത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക. | SRG. | വർഷം | |
| കൃഷിപാഠവും പാഠഭാഗങ്ങളും ബന്ധപ്പെടുത്തുക. | പാഠഭാഗങ്ങളുടെ ഭാഗമായി സ്കൂളിൽ കൃഷി ചെയ്യുന്നതിന് അവസരം ഒരുക്കുക, കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക. പച്ചക്കറി കൃഷിക്ക് അവസരം നൽകുക. | ക്ലാസ് അധ്യാപകർ | ജൂൺ - ഡിസംബർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പഠന യാത്രകൾ | കുട്ടികൾക്ക് അനുഭവത്തിനായി പഠനയാത്രകൾ സംഘടിപ്പിക്കുക. പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുക. | ഹെഡ് മാസ്റ്റർ. | | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ സാമൂഹ്യ പഠനത്തിനായി പ്രയോജനപ്പെടുത്തുക. | പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് കുട്ടികളിൽ നൈപുണ്യം ഉറപ്പിക്കുന്നതിനു ICT സാധ്യതകൾ ഒരുക്കി ക്ലാസ് മുറിയിൽ പ്രയോജനപ്പെടുത്തുക. | ക്ലാസ് അധ്യാപകൻ | ഒരു വർഷം | |
| ഭിന്നശേഷി വിഭാഗത്തിന് അവസരം ഉറപ്പാക്കുക. | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ ഇവ, കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കുക. | ക്ലാസ് അധ്യാപകൻ | 1 വർഷം. | |

# ഭൗതിക സൗകര്യ വികസനം

| മേഖല : ജൈവ വൈവിധ്യ ഉദ്യാനം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| പ്രകൃതി സ്നേഹം വളർത്തുക സ്കൂൾ പരിസരം ഹരിതാഭമാക്കുക. | പ്രകൃതിയെ വിവിധതരം പൂച്ചെടികൾ, ഔഷധസസ്യങ്ങൾ, ഫലവൃക്ഷങ്ങൾ, ഇവ നട്ടു വളർത്തി സംരക്ഷിക്കുക. | SRG കൺവീനർ | ദീർഘകാലം<br>5 വർഷം | |
| ജൈവോദ്യാനത്തെ പാഠഭാഗവുമായി ബന്ധിപ്പിക്കുന്നു. | പഠനനേട്ടങ്ങൾ ആർജിക്കുന്നതിനായി ജൈവോദ്യാന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | | | |

## മേഖല: പ്രവൃത്തി പരിചയം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- | --- |
| നിർമാണാത്മകകഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങൾ, കൗതുക വസ്തുക്കൾ, ഇവ നിർമിക്കുക. തയ്യൽ, ക്ലേ മോഡലിംഗ്, പേപ്പർ ക്രാഫ്റ്റ്, ഒറിഗാമി മുതലായവയുടെ നിർമാണത്തിന് അവസരം നൽകുക. | HM | June - sept | |
| ഇതര വിഷയ പഠനവുമായി ബന്ധിപ്പിക്കുക. | ക്ലാസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പ്രവൃത്തി പരിചയ അവസരങ്ങൾ നൽകുക. | ക്ലാസ് അധ്യാപകർ | വർഷം | |
| ഭിന്നശേഷി വികാസത്തിന് അവസരം | ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | SRG | വർഷം | |

## ജൂലൈ - കലാപരിശീലനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക. | ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന കവിതകൾ, സ്കിറ്റുകൾ, ലഘുനാടകങ്ങൾ, എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | ക്ലാസ് അധ്യാപകർ | 1 വർഷം | |
| ഓരോ കുട്ടിയുടെയും നൈസർഗ്ഗികമായ കഴിവിന്റെ വികാസത്തിന് അവസരം നൽകുക. | സർഗ്ഗവേളയിൽ ഓരോ കുട്ടിക്കും അവതരണത്തിനുള്ള അവസരം നൽകുക. | വിദ്യാരംഗം ക്ലബ്ബിന് | 1 വർഷം | |
| ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക | സർഗ്ഗശേഷി വികാസത്തിന് അനുയോജ്യമായ രീതിയിൽ സാങ്കേതിക വിദ്യ സാധ്യതകൾ കണ്ടെത്തി പരിശീലനം നൽകുക. | | 1 വർഷം. | |
| ഭിന്നശേഷി വികാസത്തിന് പ്രാധാന്യം നൽകുക. | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | ക്ലാസ് അധ്യാപകർ | 1 വർഷം | |

## മേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പാക്കുക | സ്വതന്ത്രമായ കളികൾക്കുള്ള അവസരം നൽകുക. ആഴ്ചയിലൊരു ദിവസം വീതം യോഗ, പിറ്റി, എയ്റോബിക്സ് ഇവയുടെ പരിശീലനത്തിന് അവസരം നൽകുക. | സ്കൂൾ ലീഡർ | | |
| ആരോഗ്യ ശീലങ്ങൾ വളർത്തുക | കായിക ആരോഗ്യ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. പോസ്റ്റർ നിർമ്മാണം | HM | 1 വർഷം | |
| ഹരിത വിദ്യാലയം | പരിസര ശുചീകരണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനകാർക്ക് നൽകുക. കുട്ടികളെ ഉൾപ്പെടുത്തി ജൈവ വൈവിധ്യ പാർക്ക് | | | |

## മേഖല - പൊതുവിജ്ഞാനം .

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം . |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക. | വിജ്ഞാനജ്യോതി. തിങ്കളാഴ്ചകളിൽ ക്വിസിനുള്ള 10 ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ ഇടുന്നു. എല്ലാ ഉത്തരങ്ങളും ശരിയാക്കുന്നവർക്ക് ഓരോ ആഴ്ചയിലും സമ്മാനങ്ങൾ നൽകുന്നു. | ടീച്ചർ | വർഷം. | |
| വാർത്തകളെ പരിചയപ്പെടുത്തുക. | ദിനപത്രങ്ങൾ വായിക്കുന്നതിന് അവസരം നൽകുക, റേഡിയോ വാർത്തകൾ കേൾക്കുന്നതിനും ടി.വി വാർത്തകൾ കാണുന്നതിനും അവസരം നൽകുക. | | വർഷം. | |

മേഖല - പ്രശ്ന പരിഹാര [illegible]

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക. | ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുന്നു. | റിസോഴ്സ് ടീച്ചർ | ജൂലൈ | |
| സർഗ്ഗാത്മക കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക. | സർഗ്ഗാത്മക കഴിവുകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുക. കഴിവുകൾ വളർത്താനായി പ്രോത്സാഹിപ്പിക്കുക. | | | |
| അവസരവും പങ്കാളിത്തവും ഉറപ്പാക്കുക. | സർഗവേള, അസംബ്ലി, ദിനാചരണങ്ങൾ എന്നിവയിൽ അവസരങ്ങൾ നൽകുക. | | | |
| പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക. | പ്രശ്ന പരിഹാരപ്രവർത്തനങ്ങൾ നൽകി ക്ലാസ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക. | | | |

| | | | | |
|---|---|---|---|---|
| | | | | |
| ദിനാഘോഷ വിജയത്തിന് ആവശ്യമായ ഒരുക്കുക. | ദിനാഘോഷ വിജയത്തിനായി പ്രത്യേക ക്ലാസ് പരിപാടിയിൽ അനുമോദനം ചെയ്യുക. പരിസര ശുചീകരണം, ജൈവവൈവിധ്യ ഉദ്യാനം നിർമ്മിതിയിൽ പങ്കാളിത്തം ഉറപ്പാക്കുക. | ക്ലാസ് അദ്ധ്യാപകൻ | മാർച്ച് | |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന മുകളിൽ പരാമർശിക്കുന്ന പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കുവാൻ അധ്യാപക രക്ഷാകർതൃസമിതിയുടെയും പ്രാദേശിക ഭരണ സംവിധാനങ്ങളുടെയും സ്കൂളിലെ സപ്പോർട്ടിംഗ് ഗ്രൂപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും എസ് എസ് എ യുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയും സഹായവും ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും അതിന് ജഗദീശ്വരൻ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഏവരുടെയും സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

KVMLPS
THEODICAL
Pin 689613
KUMPALAMTHANAM

SHAJI V MATHEW
HEADMASTER
KVMLPS KUMPALAMTHANAM
THEODICAL P.O - 689613

Verified
12/6/2025
AEO Vennikulam